മുൻസിഫന്മാരുടെ തെരഞ്ഞെടുപ്പ്.

*൩൨. (൮൫) സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ മുൻസിഫന്മാരുടെ തെരഞ്ഞെടുപ്പിൽ എത്രപേരെ തെരഞ്ഞെടുത്തു;

(ബി) ഇവരെ എപ്പോഴാണ് ജോലിയിലേക്ക് എടുക്കുന്നത്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൫ പേർ.

(ബി) മുൻസിഫ് സ്ഥാനത്തേക്ക് ഒഴിവുകൾ വരുന്നതനുസരിച്ച്.

VAZHANI PROJECT

*64. [89] **Sri. K. Balakrishna Menon:** Will the Hon'ble Chief Minister be pleased to state.—

(*a*) the estimated amount proposed to be invested in the Vazhani Project, Machad, Vadakkancheri;

(*b*) the estimated acreage of new lands which could be brought under cultivation by the scheme;

(*c*) whether any survey has been conducted of such land; if so, to what extent?

Chief Minister **(Sri. T. K. Narayana]Pillai):**

(*a*) Rs. 36·87 lakhs.

(*b*) About 6500 acres.

(*c*) Preliminary surveys have been conducted and detailed investigation is going on.

ചില വാരികകളിലെ പ്രസ്താവനകൾ

*൩൭. (൯൨) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചിത്രോദയം, പ്രബോധിനി, നേതാജി, എന്നീ വാരികകളിൽ വ്യക്തികളും സംഘടനകളും സമുദായങ്ങളും തമ്മിൽ വിദ്വേഷവും കലഹങ്ങളും ഉണ്ടാക്കിത്തീർക്കാവുന്ന പ്രസ്താവനകളും ലേഖനങ്ങളും ഏതാനും നാളുകളായി തുടർച്ചയായി നടത്തിവരുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആദ്യമായി ശ്രദ്ധയിൽപെട്ടത് എന്നാണ്;

(സി) ശ്രദ്ധയിൽപെട്ടതിനുശേഷം ആ നില തുടരാതിരിക്കുവാൻ എന്തുനടപടി നടത്തി?

വിദ്യാഭ്യാസവും, തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പത്രമര്യാദയെ അതിലംഘിക്കുന്ന ആക്ഷേപകരമായ ചില ലേഖനങ്ങൾ ടി പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നതു് ശ്രദ്ധയിൽപെട്ട, ആ ലേഖനങ്ങൾ ഉണ്ടായിരുന്ന പത്രങ്ങളുടെ കോപ്പികൾ ശ്രദ്ധയിലേക്ക് കണ്ടുകെട്ടുകയും ടി പത്രങ്ങളുടെ അച്ചടിയും പ്രസിദ്ധീകരണവും പ്രസ് അപ്പെലേറ്റ് ബോർഡിനോടാലോചിച്ചശേഷം തടയുകയും ചെയ്തിട്ടുണ്ട്.

(ബി) ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയ ഉടനെ.

(സി) (എ) ഉപചോദ്യത്തിനുള്ള ഉത്തരം നോക്കുക.

LIBRARY ARCHIVES Kerala Legislative Assembly